കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസധനസഹായം വിതരണം ചെയ്യുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ട അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്**

**സ.ഉ.( സാധാ)നം: 3568/2018 /റവ.** **തിരുവനന്തപുരം, തീയതി, 30.08.2018**

---

<u>ഉത്തരവ്</u>

പരാമർശം:- 1. സ.ഉ.(കൈ) നം. 13/2018/ദു.നി.വ .തീയതി 16/08/2018

2. സ.ഉ.(കൈ) നം. 314/18/റവ , തീയതി 24/08/2018

3. കൊല്ലം ജില്ലാ കളക്ടറുടെ 30/08/2018-ലെ N7-52300/17, ആലപ്പുഴ ജില്ലാ കളക്ടറുടെ 30/08/2018-ലെ N1-22095/18, പാലക്കാട് ജില്ലാ കളക്ടറുടെ 29/08/2018-ലെ J5-2018/15448/9-2, മലപ്പുറം ജില്ലാ കളക്ടറുടെ 28/08/2018-ലെ DM1-161867/18, കോഴിക്കോട് ജില്ലാ കളക്ടറുടെ 18/08/2018-ലെയും 28/08/2018-ലെ യും F1/8264/18 നമ്പർ കത്തുകൾ.

പരാമർശം (1) പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്നതിനായി ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് 14 ജില്ലകളിലെ 3,91,494 കുടുംബങ്ങൾക്ക് ആകെ 242.73 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരാമർശം (2) പ്രകാരം ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു

പരാമർശം 3 പ്രകാരം വിവിധ ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥന അനുസരിച്ച് താഴെപറയുന്ന പ്രകാരം ജില്ലാ കളക്ടർമാർക്ക് പരാമർശം (2) പ്രകാരം അനുവദിച്ച തുകകൾക്കു പുറമേ ആകെ 77,45,13,400/- ( എഴുപത്തി ഏഴ് കോടി നാല്പത്തി അഞ്ച് ലക്ഷത്തി പതിമൂന്നായിരത്തി നാനൂറ് രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

| ജില്ല | തുക |
|---|---|
| കൊല്ലം | 35,00,000 |
| ആലപ്പുഴ | 42,02,98,000 |
| പാലക്കാട് | 3,74,60,400 |
| മലപ്പുറം | 20,64,16,600 |
| കോഴിക്കോട് | 10,68,38,400 |
| **ആകെ** | **77,45,13,400** |

3. വിതരണത്തിനാവശ്യമായി വരുന്ന 77,45,13,400/- ( എഴുപത്തി ഏഴ് കോടി നാല്പത്തി അഞ്ച് ലക്ഷത്തി പതിമൂന്നായിരത്തി നാന്നൂറ്) രൂപ 2075-00-800-40 contribution of Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർമാർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.ടി.കെ
ജോയിന്റ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം/ആലപ്പുഴ/പാലക്കാട്/മലപ്പുറം/കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ & ഇ), കേരള, തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
ദുരന്ത നിവാരണ ( എ/ബി) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Smitha. A.S

സെക്ഷൻ ഓഫീസർ